പട്ടയം ലഭിക്കുന്നതിന് നൽകിയ അപേക്ഷയിൻമേൽ നടപടി

9 [4984] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ കുന്ദമംഗലം പഞ്ചായത്തിൽ കല്ലുമൂടയിൽ മീനാക്ഷി കോഴിക്കോട് താലൂക്ക് സഭയിൽ പട്ടയം ലഭിക്കുന്നതിന് നൽകിയ അപേക്ഷ പരിഗണിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇവർക്ക് ഗ്രാമപഞ്ചായത്ത് നൽകിയ സ്ഥലത്തിന് പട്ടയം നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് തടസ്സമൊന്നും നിലവിലില്ലെങ്കിൽ എന്നത്തേക്ക് പട്ടയം നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പിന്റെ കീഴിലുള്ള പുറംപോക്ക് ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് പട്ടയം

10 [4985] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര ഹെക്ടർ വീതം പുറംപോക്ക് ഭൂമി റവന്യൂ വകുപ്പിന്റെ കീഴിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) പുറംപോക്ക് ഭൂമിയിൽ വർഷങ്ങളോളമായി കുടിൽ കെട്ടി താമസിച്ചു വരുന്നവരിൽ എത്ര പേരുടെ പട്ടയം ലഭിക്കാനുള്ള അപേക്ഷ ഓരോ പഞ്ചായത്തിലുമായി തീരുമാനം കൈക്കൊള്ളുവാനുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)

എലത്തൂർ	..	256.04 ഹെക്ടർ
തലക്കളത്തൂർ	..	റവന്യൂ ഭൂമി ഇല്ല
നന്മണ്ട	..	73.14 ഏക്കർ

(ബി) തലക്കളത്തൂർ, നന്മണ്ട പഞ്ചായത്തുകളിൽ അപേക്ഷകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ എലത്തൂർ പഞ്ചായത്തിൽ 20 അപേക്ഷകൾ നിലവിലുണ്ട്.

സർവ്വേ അദാലത്തുകൾ

11 [4986] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സർവ്വേ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly